പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 353

15.03.2018 - ൽ മറുപടിക്ക്.

## വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധി

ചോദ്യം

ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ
ശ്രീ. പി. ജെ. ജോസഫ്
ശ്രീ. മോൻസ് ജോസഫ്

മറുപടി

ശ്രീ. എ. സി. മൊയ്തീൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).

| ചോദ്യം | മറുപടി |
| --- | --- |
| (എ) സംസ്ഥാനത്തെ വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെല്ലാം പരിഹാര നിർദ്ദേശങ്ങളാണ് നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കാമോ ; | (എ) : വ്യവസായ രംഗത്ത് കൂടുതൽ മുതൽ മുടക്ക് കൊണ്ടുവന്ന് കേരളത്തെ വ്യവസായ സൗഹൃദ സംസ്ഥാനമായി വളർത്തിയെടുക്കുന്നതിനായി സംസ്ഥാനത്തെ വ്യവസായ മേഖലയെ കുറിച്ച് വ്യക്തമായ പഠനം നടത്തുകയും വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വേണ്ട നിയമപരമായ അനുമതി വേഗത്തിൽ ലഭ്യമാക്കുന്നതിന് ഉതകുന്ന രീതിയിൽ നിയമങ്ങളിൽ ഭേദഗതി വരുത്തി "ദി കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ഓർഡിനൻസ് - 2017" പുറത്തിറക്കിയിരിക്കുയാണ്. വ്യവസായ സംരംഭകർക്ക് വായ്പ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ജില്ലാ ലവൽ റിവ്യൂ കമ്മിറ്റി, സ്റ്റേറ്റ് ലവൽ ബാങ്കേഴ്സ് കമ്മിറ്റി, എംപവേർഡ് കമ്മിറ്റി, സ്ട്രസ്സ്ഡ് അസറ്റ് മാനേജ്മെന്റ് കമ്മിറ്റി എന്നീ കമ്മിറ്റികൾ ഫലപ്രദമായി ഇടപെടുന്നുണ്ട്. ഡിസ്ട്രിക്ട് ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ് കമ്മിറ്റികൾ നിലവിലുള്ള വ്യവസായ സ്ഥാപനങ്ങളുടെ തൊഴിൽ പ്രശ്നങ്ങൾ, പാരിസ്ഥിതിക പ്രശ്നങ്ങൾ എന്നിവ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വ്യവസായ വകുപ്പിന്റേതായ പൊതുമേഖലാ സ്ഥാപനങ്ങൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി കാലാനുസൃതമായ സാങ്കേതിക വിദ്യ ഉപയോഗിച്ച് വൈവിദ്ധ്യ വത്കരണ പദ്ധതികൾ നടപ്പിലാക്കി വരുന്നു. തൻമൂലം സ്ഥാപനങ്ങൾക്ക് വിപണിയിൽനിന്നുള്ള കടുത്ത മത്സരത്തെ അതിജീവിക്കാൻ കഴിയുന്നുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ 2016-17 വർഷം പൊതുമേഖലാ സ്ഥാപന |

നവീകരണ-വിപുലീകരണ പദ്ധതികൾക്കായി 123 കോടി രൂപ അനുവദിച്ചിരുന്നു. 2017-18-ൽ 283 കോടി രൂപ അധിക സഹായമുൾപ്പെടെ പദ്ധതി വിഹിതമായി അനുവദിച്ചിട്ടുണ്ട്. 2018-19ലെ ബഡ്ജറ്റിൽ പൊതുമേഖല സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പദ്ധതികളുൾപ്പെടെയുള്ള ധനസഹായമായി 297.35 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

(ബി) വ്യവസായ യൂണിറ്റുകൾ പ്രതിസന്ധിയിലാകുന്നതും വായ്പ അടവ് മുടങ്ങുന്നതും അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിലെ കുറവും ഉത്പാദനക്കുറവും പരിഹരിക്കുന്നതിന് നൽകി വരുന്ന പുതിയ മാർഗനിർദ്ദേശങ്ങൾ വ്യക്തമാക്കാമോ ;

(ബി) : സംരംഭകർ എടുത്തിട്ടുള്ള വായ്പ, തിരിച്ചടവ് മുടങ്ങുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ ജില്ലാ വ്യവസായ കേന്ദ്രം യൂണിറ്റുകളുമായും ധനകാര്യ സ്ഥാപനങ്ങളുമായും ബന്ധപ്പെട്ട് പരിഹാരം കാണുന്നുണ്ട്. പൊതുമേഖയിലെ വ്യവസായ സ്ഥാപനങ്ങൾ സംരക്ഷിക്കുന്നതിന് നൂതന മാർഗങ്ങൾ ആരായുന്നുണ്ട്. പൊതുമേഖല സഹകരണ സ്പിന്നിങ് മില്ലുകളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഈ സ്ഥാപനങ്ങൾക്ക് കേന്ദ്രീകൃതമായ രീതിയിൽ ആവശ്യമായ കോട്ടൺ യഥാസമയം വാങ്ങുന്നതിനായി സംവിധാനം ഏർപ്പെടുത്തുകയും പ്രത്യേക ബഡ്ജറ്റ് വിഹിതം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ചില സ്ഥാപനങ്ങൾക്ക് അസംസ്കൃത സാധനങ്ങൾ വാങ്ങുന്നതിനുള്ള പ്രവർത്തന മൂലധന സഹായത്തിനുള്ള വിഹിതവും പ്രത്യേകം വകയിരുത്തുന്നുണ്ട്.

(സി) സംസ്ഥാനത്തെ എത്ര വ്യവസായ യൂണിറ്റുകൾ അടച്ചുപൂട്ടലിന്റെ വക്കിൽ ആണെന്ന് അറിയിക്കാമോ ; ആയത് പരിഹരിക്കുന്നതിന് സർക്കാർ തലത്തിൽ ഫണ്ട് രൂപവൽക്കരണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കാമോ ?

(സി) : വ്യവസായ വകുപ്പിന്റെ ജിയോ ടാഗ്ഗിങ് പദ്ധതി മുഖേന നടത്തിയ സർവേയിൽ 3489 യൂണിറ്റുകൾ തകർച്ച നേരിടുന്നതായി കണ്ടെത്തിയിട്ടുണ്ട്.

ഇത്തരത്തിൽ കണ്ടെത്തിയ സംരംഭങ്ങൾക്ക് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾക്കനുരിച്ച് ധനസഹായവും വായ്പയും ലഭ്യമാക്കുന്നതിന് കേരള എം.എസ്.എം.ഇ പുനർജ്ജീവന ട്രസ്റ്റ് ഫണ്ട് രൂപീകരിക്കുന്നതാണ്. ഈ ഫണ്ടിൽ 100 കോടി രൂപ കോർപ്പസ് ഫണ്ട് ഉണ്ടായിരിക്കുകയും ഇതിൽ ഒരു ഭാഗം സംസ്ഥാന ഗവൺമെന്റും ബാക്കി ഭാഗം സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ ഉൾപ്പെട്ട കൺസോർഷ്യവും വഹിക്കുന്നു. 2018-19-ലെ ബഡ്ജറ്റിൽ ഈ പദ്ധതി നടത്തിപ്പിനായി സംസ്ഥാന വിഹിതമായ 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.